# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

27.06.2019 ലെ മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ. T 5067**

## വാഹന അപകടങ്ങൾ

<table>
<tr><td colspan="2">ചോദ്യം<br>ശ്രീ.കെ.ബാബു</td><td colspan="2">മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ഒരു മാസം ശരാശരി എത്ര വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ;</td><td>(എ)</td><td>സംസ്ഥാനത്ത് ഒരു മാസം ശരാശരി 3279 വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്.
<table>
<tr><th>വർഷം</th><th>റോഡപകട കേസുകൾ</th><th>ഒരു മാസത്തെ ശരാശരി റോഡപകട കേസുകൾ</th><th>മരണം</th><th>ഒരു മാസത്തെ ശരാശരി മരണം</th></tr>
<tr><td>2016</td><td>39420</td><td>3285</td><td>4196</td><td>350</td></tr>
<tr><td>2017</td><td>38470</td><td>3205</td><td>4287</td><td>357</td></tr>
<tr><td>2018</td><td>40181</td><td>3348</td><td>4303</td><td>359</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഇത്തരം അപകടങ്ങളിൽപ്പെട്ട് മരണപ്പെടുന്നവരുടെ ഒരു മാസത്തെ ശരാശരി കണക്ക് എത്രയെന്ന് വിശദമാക്കുമോ;</td><td>(ബി)</td><td>ഇത്തരം അപകടങ്ങളിൽപ്പെട്ട് ഒരു മാസം ശരാശരി 355 പേർക്ക് മരണം സംഭവിക്കുന്നു.</td></tr>
<tr><td>(സി)</td><td>സംസ്ഥനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?</td><td>(സി)</td><td>സംസ്ഥാനത്ത് റോഡപകടങ്ങൾ തടയുക, ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി "ശുഭയാത്ര-2015" പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാഫിക് പോലീസ്, ലോക്കൽ പോലീസ് എന്നിവർ വാഹന പരിശോധനകൾ നടത്തി ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കിയും റോഡപകടങ്ങൾ തടയുന്നതിനായി റഡാർ, ഇന്റർസെപ്റ്റർ</td></tr>
</table>

| | | | |
|---|---|---|---|
| | | | എന്നിവ ഉപയോഗിച്ച് പരിശോധനകൾ ഊർജ്ജിതമാക്കി വരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നഗര പ്രദേശങ്ങളിലും ദേശീയ പാതകളിലും കൂടുതൽ പോലീസുദ്യോഗസ്ഥരേയും ഹോംഗാർഡുമാരെയും ട്രാഫിക് വാർഡൻമാരെയും നിയോഗിച്ചും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ സേവനങ്ങളും ഉപയോഗിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ വാഹനങ്ങൾ അപകടത്തിൽ-പ്പെടാതിരിക്കാൻ മുൻകരുതൽ എടുക്കുന്നതിനായി ഓപ്പറേഷൻ സെയ്ഫ് പദ്ധതി നടപ്പിലാക്കി വരുന്നു. സ്കൂളുകളിലും കോളേജുകളിലും പൊതു ജനങ്ങൾക്കും ഡ്രൈവർമാർക്കും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും ഹൈവേ ജാഗ്രത സമിതികൾ, ആക്സിഡന്റ് റിവ്യൂ കമ്മിറ്റി, ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികൾ എന്നിവ രൂപീകരിച്ചും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**